കേരള സർക്കാർ

നം.13160/ഡി.എ1/10/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 26.11.10.

## സർക്കുലർ

വിഷയം: - തദ്ദേശസ്വയംഭരണ വകുപ്പ് - ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കുമുള്ള ഔഷധ വിതരണം- 'ഔഷധി' യുടെ സമയപരിധി 60 ദിവസമായി ഉയർത്തുന്നത് സംബന്ധിച്ച്.

സൂചന:- (1). 27.02.06-ലെ സർക്കുലർ നം: 5398/ഡിപി1/06/തസ്വഭവ
(2). 4.12.08-ലെ സ.ഉ (എം.എസ്) നം: 321/08/തസ്വഭവ.
(3). 16.02.10-ലെ 'ഔഷധി' മാനേജിംഗ് ഡയറക്ടറുടെ എസ്1-128/07 നം: കത്ത്.
(4). 23.06.10-ലെ ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടറുടെ സി2-7595/2010 നം. കത്ത്.
(5). 26.10.10-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനം നം.2.18.

സൂചന(1)പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും ആവശ്യമായ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങുമ്പോൾ ഒരുമാസത്തിനുള്ളിൽ മരുന്നുകൾ വിതരണം ചെയ്യണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി അഡ്വാൻസ്പേയ്മെൻറ് നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ഗുണമേന്മയുള്ള ഔഷധങ്ങൾ തയ്യാറാക്കാൻ കൂടുതൽ സമയം ആവശ്യമുള്ളതിനാൽ 30 ദിവസം എന്നുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകണമെന്ന് സൂചന (3) പ്രകാരം ഔഷധി മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

(2). ഔഷധങ്ങൾ ഉന്നത ഗുണനിലവാരത്തോടെ തയ്യാർ ചെയ്യുന്നതിന് ശാസ്ത്രവിധി പ്രകാരമുള്ള സമയം ആവശ്യമായതിനാൽ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് ഔഷധ വിതരണം നടത്തുന്നതിന് 'ഔഷധി'യ്ക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള സമയപരിധിയായ 30 ദിവസം എന്നത് 60 ദിവസമാക്കി ഉയർത്തുന്നതിന് ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ, സൂചന (4) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

(3).ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടറുടെ ശുപാർശ അംഗീകരിച്ചുകൊണ്ട് സൂചന (5) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഔഷധ വിതരണം നടത്തുന്നതിന് ഔഷധിക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള പരമാവധി സമയമായ 30

ദിവസം എന്നത് 60 ദിവസമായി, പുതുക്കി നിശ്ചയിക്കുന്നു. സൂചന (1)-ലെ സർക്കുലറിലെ മറ്റു നിബന്ധനകൾക്ക് മാറ്റമില്ലാതെ തുടരുന്നതാണ്.

വിശ്വസ്തതയോടെ,
ബി.സരസ്വതിഅമ്മ,
അഡീഷണൽ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോറിമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ഔഷധി, തൃശ്ശൂർ-680001,
ഡയറക്ടർ, ലോക്കൽഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം,
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ് , തിരുവനന്തപുരം,
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും,
സ്റ്റേറ്റ്ലെവൽ റിസോഴ്സ്ഗ്രൂപ്പ് തിരുവനന്തപുരം -( ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അറിയിക്കേണ്ടേതാണ്)
ഡയറക്ടർ, കില, തൃശ്ശൂർ,
എക്സി. മിഷൻ ഡയറക്ടർ, ഐ.കെ.എം,
ഓഫീസ്കോപ്പി,
സ്റ്റോക്ക് ഫയൽ.